# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2383

## 05.11.2019 ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷൻ**

**ചോദ്യം**
ശ്രീ. പി.ടി.എ. റഹീം

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമനിധികളിൽ നിന്നുള്ള പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമ പെൻഷനുകൾ വാങ്ങുന്നതിന് നിയന്ത്രണം നിലവിലുണ്ടോ; | ക്ഷേമ പെൻഷനുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നുണ്ട്. 06/02/2017 തീയതിയിലെ സഉ( എം എസ്) നമ്പർ 67/2017/ധന ഉത്തരവ് പ്രകാരം, ക്ഷേമനിധി ബോർഡ് പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. എന്നാൽ 06/02/2017 ന് മുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചു കൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. |

| | | |
|---|---|---|
| (ബി) | വർഷങ്ങളോളം അംശാദായം നൽകി ക്ഷേമനിധിയിൽ നിന്നും നാമമാത്ര പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമപെൻഷൻ കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഏതാനും ചില ക്ഷേമനിധി ബോർഡുകൾ മാത്രമേ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകി വരുന്നുള്ളൂ. മിക്ക ക്ഷേമനിധി ബോർഡുകളും ഗുണഭോക്താക്കൾ അടയ്ക്കുന്ന അംശാദായം പെൻഷൻ നൽകാൻ ഉപയോഗിക്കുന്നില്ല. അത് മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചു വരുന്നത്. നിലവിൽ ഇത്തരം ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ബാധ്യതയും സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം സർക്കാരാണ് വഹിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം വ്യത്യസ്ത നിരക്കുകളിൽ നൽകി വന്നിരുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഏകീകരിക്കുകയും, സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രതിമാസം 1200 രൂപ നിരക്കാക്കുകയും അത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം തന്നെ വിതരണം ചെയ്തു വരികയുമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും സർക്കാർ വഹിക്കുന്ന സാഹചര്യത്തിൽ ബോർഡ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ലഭിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ നൽകുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ